4. കായികവികസനനിധി

5. വലിയതുറയിൽ സിന്തറ്റിക് ട്രാക്കോടുകൂടിയ സ്റ്റേഡിയം

6. അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ടർഫ്

7. കളമശ്ശേരിയിൽ സ്പോർട്ട്സ് കോംപ്ലക്സ്

(സി) പ്രസ്തുത പദ്ധതികൾക്കായി കായിക യുവജനകാര്യാലയത്തിൽനിന്ന് 16.11 കോടി രൂപയും സ്പോർട്ട്സ് കൗൺസിലിൽ നിന്ന് 5 കോടി രൂപയും ആകെ അനുവദിച്ചിരുന്നു. ഇതിൽ 6,66,43,045 രൂപ ചെലവഴിച്ചിരുന്നില്ല.

കൊല്ലം ഹോക്കി കോർട്ട്

257 (1962) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഹോക്കി കോർട്ടിന്റെ സംരക്ഷണവും നടത്തിപ്പും നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്വം ആരെയെങ്കിലും ഏല്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർട്ട് പരിശീലനത്തിന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ പരിപാലനം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിലെ പരിശീലന പദ്ധതികൾ സ്പോർട്ട്സ് കൗൺസിൽ ആവിഷ്കരിച്ചു വരുന്നു.

നാഷണൽ ഗെയിംസിനുള്ള ചെലവും തുടർനടപടികളും

258 (1963) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുവച്ച് അടുത്ത കാലത്തു നടന്ന നാഷണൽ ഗെയിംസിന്റെ ആകെ ചെലവ് എത്ര ;

(ബി) ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്ര ; കേന്ദ്ര സർക്കാർ വിഹിതം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ ഗെയിംസിനായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന വിവിധ ഗെയിംസ് കോർട്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് കൊടുക്കാതെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അന്തിമകണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ആകെ ചെലവ് അതിനുശേഷമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി) നാളിതുവരെ സംസ്ഥാന സർക്കാർ വിഹിതമായി 321.55 കോടിരൂപയും, കേന്ദ്ര വിഹിതമായി 121 കോടി രൂപയും, അധിക കേന്ദ്രവിഹിതമായി 7.78 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 24-2-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 09/15/കാ.യു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

259 (1964) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഗ്രൗണ്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർഷം എത്ര കുട്ടികളെയാണ് ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗ് നൽകിയത് ;

(സി) ട്രെയിനിംഗ് സെന്റർ വികസനത്തിനായി അടുത്ത കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സെന്റർ ഗ്രൗണ്ട് കായികതാരങ്ങളുടെ ഫുട്ബോൾ പരിശീലനത്തിനായി ഉപയോഗിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly